പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

തൊഴിലുറപ്പ് പദ്ധതിയിലെ പ്രശ്നങ്ങൾ പഠിക്കാൻ സമിതി

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 148

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, പി. കെ.ഗുരുദാസൻ<br>,, ബി. സത്യൻ<br>ശ്രീമതി കെ.കെ. ലതിക | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച സമിതി എന്തെങ്കിലും ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ ; | (എ) | സമിതി ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ശുപാർശ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ശുപാർശകളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | ശ്രീ. എം. മുരളി അദ്ധ്യക്ഷനായ കമ്മിറ്റി സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിന്മേൽ മിഷൻഡയറക്ടർ ശുപാർശകൾ പരിശോധിച്ച് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | നിയമ പ്രകാരം എല്ലാ വിഭാഗങ്ങൾക്കും പ്രാതിനിധ്യമുള്ള തരത്തിൽ തൊഴിലുറപ്പ് കൗൺസിൽ പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

ശ്രീ.എം.മുരളി അദ്ധ്യക്ഷനായ കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.

1. തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ പങ്കാളികളായിട്ടില്ലാത്ത പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളായ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം, വിധവകൾ, സ്ത്രീകൾ/ഭിന്നശേഷിയുള്ളവർ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ, ഇതര ദുർബ്ബല വിഭാഗങ്ങൾ എന്നീ വിഭാഗങ്ങളുടെ കുടുംബങ്ങളെ പൂർണ്ണമായും പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനും ഓരോ കുടുംബത്തിനും 100 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ
2. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്നതിനായി മുന്നോട്ട് വന്നിട്ടുള്ള തൊഴിലാളികളെ ചെറിയ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് ലേബർ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും ഗ്രാമ/ബ്ലോക്ക്/ജില്ലാ/സംസ്ഥാന തല ഫെഡറേഷനുകളിലൂടെ പ്രസ്തുത ഗ്രൂപ്പുകളുടെ കൂട്ടായ്മ ശക്തിപ്പെടുത്തുകയും അതുവഴി നിർവ്വഹണത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനുമുള്ള ശുപാർശകൾ
3. ഗ്രാമീണ ജനതയുടെ അതിജീവന സുരക്ഷിതത്വത്തിനായി വിഭവാടിത്തറ ശക്തിപ്പെടുത്താനുതകുന്ന ഗുണമേന്മയും ഈടുറ്റതുമായ ആസ്തികളുടെ നിർമ്മാണം ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും അനുവർത്തിക്കേണ്ട മാർഗ്ഗങ്ങളേയും പ്രക്രിയകളേയും സംബന്ധിച്ച ശുപാർശകൾ.
4. ബ്ലോക്കു പഞ്ചായത്തുകളുടെ അനുഭവജ്ഞാനം പരമാവധി പ്രയോജനപ്പെടുത്തി സാധന സാമഗ്രികൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികളുടെ നിർവ്വഹണം ബ്ലോക്കു പഞ്ചായത്തിനെ ഏൽപ്പിക്കുന്നതിനുള്ള ശുപാർശ.
5. പദ്ധതിയിൽ സാധനസാമഗ്രികളുടെ ഉപയോഗം കൂടുതൽ ഫലപ്രദമാക്കുന്നതിനും വിദഗ്ദ്ധ - അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുന്നതിനുമായി തൊഴിലാളി കുടുംബങ്ങളിലെ അംഗങ്ങളെ ഉൾപ്പെടുത്തി സേവാ സൊസൈറ്റികൾ രൂപീകരിക്കുവാനുള്ള ശുപാർശ

6. വേതന വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ശുപാർശ

7. നഗരവത്കൃത പഞ്ചായത്തുകളിലും, തീരദേശ പഞ്ചായത്തുകളിലും കൂടുതൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച ശുപാർശകൾ

8. തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തിയുള്ള പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം സംബന്ധമായ ശുപാർശകൾ

9. തൊഴിലുറപ്പ് പദ്ധതിയും മറ്റ് വകുപ്പുകളുമായുള്ള സമന്വയം (Convergence) ഫലപ്രദമാക്കുന്നതിന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച ശുപാർശകൾ

10. നിർവ്വഹണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഗ്രാമ-ബ്ലോക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിലെ സംഘടനാ സംവിധാനത്തിൽ ഔദ്യോഗികമായി വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച ശുപാർശകൾ

11. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കുന്നതിനുള്ള ശുപാർശകൾ

12. ക്ഷീര,കയർ മേഖലകളിലെ പ്രവൃത്തികൾ, പട്ടിക വർഗ്ഗക്കാരുടെ വനവിഭവശേഖരണ പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തൽ, പദ്ധതിയിലെ പ്രവൃത്തിസമയം രാവിലെ 9 മുതൽ വൈകുന്നേരം 4 മണിവരെ ക്രമീകരിക്കൽ, തൊഴിലാളികളുടെ വേതനം 225 രൂപയായി ഉയർത്തൽ, കാർഷിക പ്രവർത്തനങ്ങൾ നെഗറ്റീവ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കൽ എന്നീ കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് അനുകൂല തീരുമാനം നേടിയെടുക്കുന്നതിനുള്ള ശുപാർശകൾ.